ആവശ്യമായ തുക നിക്ഷേപിച്ചിട്ടുണ്ട്. ധനസഹായം അനുവദിക്കുന്ന മുറയ്ക്ക് റ്റി.പി. അക്കൗണ്ടിൽ നിന്നു തുക പിൻവലിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തുവരുന്നു. എല്ലാ ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്കും ഇതു സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ചികിത്സാ ധനസഹായം അനുവദിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ ആഫീസുകളിൽ നിന്നും അതാത് ജില്ലാ ആഫീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന ട്രൈബൽ എക്സ്റ്റൻഷൻ ആഫീസുകളിൽ നിന്നും ഗുണഭോക്താക്കളുടെ സൗകര്യത്തിനനുസരിച്ച് വിതരണം ചെയ്തു വരുന്നു. ഇതിനാവശ്യമായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 75 ലക്ഷം രൂപയ്ക്കു പുറമേ 25 ലക്ഷം രൂപ കൂടി അധിക തുക ലഭ്യമാക്കി ചികിത്സാ ധനസഹായം അനുവദിക്കപ്പെട്ട എല്ലാ പട്ടികവർഗ്ഗക്കാർക്കും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

എസ്സി./എസ്ടി. ഉദ്യോഗാർത്ഥികൾക്ക് പരിശീലനം

114(2366) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് എൻട്രൻസ്, പി.എസ്.സി. പരീക്ഷകൾ എഴുതുന്നതിനും ഇന്റർവ്യൂകളിൽ പങ്കെടുക്കുന്നതിനുമായി ത്രിതല പഞ്ചായത്തുതലങ്ങൾ കേന്ദ്രീകരിച്ച് പരിശീലനം നടത്തുന്ന കാര്യം പരിഗണിക്കുമോ ; എങ്കിൽ ഏതു തരത്തിലാണ് ഈ സംരംഭം ആരംഭിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് എൻട്രൻസ്, പിഎസ്.സി. പരീക്ഷകൾ എഴുതുന്നതിനും ഇന്റർവ്യൂകളിൽ പങ്കെടുക്കുന്നതിനുമായി ത്രിതല പഞ്ചായത്തുതലങ്ങൾ കേന്ദ്രീകരിച്ച് പരിശീലനം നടത്തുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഏകോപിപ്പിച്ച് കേന്ദ്രീകൃതമായി ഓരോ വർഷവും പ്രത്യേക പരിശീലനം നൽകി വരുന്നുണ്ട്. നിലവിൽ പട്ടികജാതി വികസന വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിലെ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ എൻട്രൻസ്, പി.എസ്.സി. പരീക്ഷകൾ എഴുതുന്നതിനും ഇന്റർവ്യൂകളിൽ പങ്കെടുക്കുന്നതിനുമായി പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ സി-ഡിറ്റിന്റെ സഹകരണത്തോടെ വീഡിയോ കോൺഫറിൻസിംഗ് സൗകര്യത്തോടുകൂടി 22 പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സബ് സെന്ററുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly